"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി- പട്ടം-കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 515/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1413/2025/LSGD തീയതി, തിരുവനന്തപുരം, 06-06-2025**

പരാമർശം:-
1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ.515/2008 നമ്പർ കേസിന്മേലുള്ള 30/03/2013 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 32/2019/ധന, തീയതി, 18/03/2019.
3. സ.ഉ.(സാധാ) നം. 1879/2024/ത.സ്വ.ഭ.വ, തീയതി, 09/10/2024.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/03/2025 -ലെ എ3/571/2024/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/04/2025 തീയതിയിലെ DCTVM/2591/2025-K18 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 515/2008 നമ്പർ കേസിലെ 31/03/2024 വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 4,36,890/- രൂപ (നാല് ലക്ഷത്തി മുപ്പത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവാകുകയും തിരുവനന്തപുരം ജില്ലാ കളക്ടറുടെ 09/01/2025-ലെ കെ18-430873/22 നടപടിക്രമം പ്രകാരം പ്രസ്തുത തുക ബഹു. തിരുവനന്തപുരം സബ് കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അറിയിക്കുകയുണ്ടായി.

2) എൽ.എ.ആർ. കേസുകളിൽ തുക സബ്കോടതിയിൽ കെട്ടി വയ്ക്കുന്നതുവരെ പലിശ നൽകേണ്ടതുണ്ടെന്നും അതുപ്രകാരം 09/01/2025-ൽ തുക കോടതിയിൽ കെട്ടി വയ്ക്കുമ്പോൾ 09/01/2025 വരെയുള്ള പലിശ കണക്കാക്കേണ്ടതുണ്ടെന്നും എന്നാൽ ടി കേസിൽ 31/03/2024 വരെയുള്ള തുക മാത്രമേ അനുവദിച്ചിരുന്നുള്ളൂവെന്നും ആയതിനാൽ 01/04/2024 മുതലുള്ള ബാലൻസ് തുക അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. ടി എൽ.എ.ആർ. കേസിലെ 31/07/2025

വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 16,547/- രൂപ (പതിനാറായിരത്തി അഞ്ഞൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം-കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 1736/9-ൽപ്പെട്ട 0.05 ആർസ് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമ ശ്രീ. രാമചന്ദ്രൻ നായർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 515/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 16,547/- പതിനാറായിരത്തി അഞ്ഞൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) '4217-60-800-93 - Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. രാമചന്ദ്രൻ നായർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. രാമചന്ദ്രൻനായർ, റ്റി.സി.3/2708, മരപ്പാലം, പട്ടം പി.ഒ.,തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/125/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 06-06-2025 16:43:59

സെക്ഷൻ ഓഫീസർ